File No.HEDN-K2/25/2021-HEDN

4203/21/HED 31.5.21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നതവിദ്യാഭ്യാസ വകുപ്പ്-കോവിഡ് 19-സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 2021-2022 അധ്യയന വർഷത്തെ ക്ലാസുകൾ ആരംഭിക്കുന്നത സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ച് ഉത്തരവാകുന്നു

---

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

G.O.(Rt) No.710/2021/HEDN തീയതി,തിരുവനന്തപുരം, 29/05/2021

---

ഉത്തരവ്

കോവിഡ് 19 നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2021-2022 അധ്യയന വർഷത്തെ ക്ലാസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

2. ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2021-22 അദ്ധ്യയന വർഷത്തിലേക്കുള്ള ക്ലാസുകൾ 2021 ജൂൺ 1-ന് തന്നെ ആരംഭിക്കുന്നതാണ്. സർവ്വകലാശാല പഠനവകുപ്പിലെ ക്ലാസുകൾ ഏത് തീയതിയിൽ ആരംഭിക്കണമെന്നത് അതത് സർവകലാശാലകൾ തീരുമാനം എടുക്കേണ്ടതാണ്. ലോക്ക് ഡൗണിന്റെയും, കോവിഡ് നിയന്ത്രണങ്ങളുടെയും സാഹചര്യത്തിൽ അധ്യാപകർ ഓൺലൈൻ ആയി ക്ലാസുകൾ കൈകാര്യം ചെയ്യേണ്ടതാണ് അതോടൊപ്പം വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനസഹായികളും നോട്ടുകളും PDF രൂപത്തിലും മറ്റും നൽകേണ്ടതാണ്. രാവിലെ 8.30 മുതൽ വൈകുന്നേരം 3.30 വരെയുള്ള സമയത്തിനിടയ്ക്ക് ചുവടെ പറയുന്ന ഏതെങ്കിലും സമയക്രമത്തിൽ ക്ലാസുകൾ നടത്താവുന്നതാണ്.

- രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് ശേഷം 1.30 വരെ
- രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ
- രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ

3. എല്ലാ ദിവസവും ചുരുങ്ങിയത് രണ്ട് മണിക്കൂറെങ്കിലും ഓൺലൈൻ ക്ലാസുകൾ ഉണ്ടായിരിക്കേണ്ടതാണ്. ബാക്കി സമയങ്ങളിൽ വിദ്യാർത്ഥികൾക്ക് പഠനസഹായകരമായ മറ്റ് കാര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്. വെള്ളിയാഴ്ച ദിവസങ്ങളിൽ ക്ലാസുകൾ നിലവിൽ തുടർന്നു വരുന്ന രീതിയിൽ തന്നെ തുടരേണ്ടതാണ്. ക്ലാസുകൾ കൈകാര്യം ചെയ്യേണ്ട സമയക്രമം വിദ്യാർത്ഥികൾക്ക് കൂടി സൗകര്യപ്രദമായ രീതിയിൽ കോളേജ് കൗൺസിലുകൾക്ക് തീരുമാനിക്കാവുന്നതാണ്.

4. തുടർച്ചയായി ഓൺലൈൻ ക്ലാസ് നടക്കുന്നതിലെ അസൗകര്യം സംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നും പരാതികൾ ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് കൂടി സൗകര്യപ്രദമായ നിലയിൽ ക്ലാസുകൾ ക്രമീകരിക്കാൻ സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.കഴിഞ്ഞ അധ്യയന വർഷത്തെ പാഠഭാഗങ്ങൾ ബാക്കിയുണ്ടെങ്കിൽ അവ തീർക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്

5. ഓൺലൈൻ സംവിധാനം ഒരുക്കുവാൻ ഏതൊക്കെ സോഫ്റ്റ് വെയർ ഉപയോഗി ക്കണമെന്നത് കുട്ടികളുടെ എണ്ണവും പാഠ്യവിഷയവും അനുസരിച്ച് സ്ഥാപന മേധാവികൾ/ അധ്യാപകർ തീരുമാനിക്കേണ്ടതാണ്. ആയതിലേയ്ക്ക് ആവശ്യാനുസരണം NIC Vidya Platform, Zoom, Google Class Room, Google Meet Micro Soft Team, Webex തുടങ്ങിയ വിവിധ വീഡിയോ കോൺഫറൻസിംഗ് സങ്കേതങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ, ഇതിനായി ഓരോ സ്ഥാപനങ്ങൾക്കും പ്രത്യേകം Learning

Management System (LMS) കൾ ആരംഭിക്കുവാൻ ശ്രമിക്കേണ്ടതാണ്.

6. ലോക്ക് ഡൗൺ പിൻവലിക്കുന്ന പക്ഷം ടെക്നിക്കൽ വിഭാഗം ഉൾപ്പെടെയുള്ള എല്ലാ അധ്യാപകരും, ജൂൺ 1 ന് അവരവർ ജോലി ചെയ്യുന്ന കോളേജിൽ ഹാജരാകേണ്ടതാണ്. കോവിഡ് നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ യാത്ര ചെയ്യാൻ ബുദ്ധിമുട്ട് നേരിടുന്ന പക്ഷം പ്രിൻസിപ്പൽമാരെ അറിയിക്കേണ്ടതാണ്. തുടർന്നുള്ള ദിവസങ്ങളിൽ അധ്യാപകർ വർക്ക് ഫ്രം ഹോം ആയിട്ടാണ് ക്ലാസുകൾ എടുക്കേണ്ടത്. എന്നിരുന്നാലും ഓരോ ദിവസത്തെയും കോളേജിന്റെ പ്രവർത്തനത്തിന് ആവശ്യമായ അത്യാവശ്യ ജീവനക്കാരുടെ സേവനം പ്രിൻസിപ്പൽമാർ ഉറപ്പാക്കേണ്ടതാണ്.

7. കോവിഡ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത ജോലിയ്ക്ക് മുൻഗണന നൽകേണ്ടതാണ് അധ്യാപകർ എടുത്ത ക്ലാസുകൾ സംബന്ധിച്ച റിപ്പോർട്ട് ആഴ്ചയിൽ ഒരിക്കൽ വകുപ്പ് മേധാവികൾ/പ്രിൻസിപ്പൽമാർക്ക് നൽകേണ്ടതാണ്. കോളേജുകളിലെ അനധ്യാപകർ സർക്കാർ ജീവനക്കാർക്ക് ബാധകമായിട്ടുള്ള പൊതു ഉത്തരവുകളിൽ നിഷ്കർഷിക്കുന്നപ്രകാരം ജോലിയ്ക്ക് ഹാജരാകേണ്ടതാണ്.

8. ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാനുള്ള സാങ്കേതിക സൗകര്യം അപര്യാപ്തമായ വിദ്യാർത്ഥികളെ തിരിച്ചറിയുകയും, വകുപ്പ് മേധാവികളുടെ സഹായത്തോടെ പ്രിൻസിപ്പൽമാർ അവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ എത്തിക്കുന്നതിന് നേതൃത്വം നൽകേണ്ടതുമാണ്. ഇതിനായി അക്ഷയ സെന്ററുകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ് അധ്യയന വർഷാരംഭം മുതൽ അധ്യാപകരുടെ ജോലിഭാരം കണക്കാക്കി, സ്ഥാപനങ്ങളിൽ ആവശ്യമെങ്കിൽ വകുപ്പ് ഡയറക്ടറുടെ അനുമതിയോടെ അതിഥി അധ്യാപകരെ നിയമിക്കാവുന്നതാണ്.

9. എല്ലാ സ്ഥാപനങ്ങളിലും, കുറ്റമറ്റരീതിയിൽ അധ്യയനം നടക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ്. അധ്യാപകരും, വിദ്യാർത്ഥികളും, ജീവനക്കാരും സർക്കാരിന്റെ കോവിഡ് സംബന്ധമായ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. കൂടാതെ, കോവിഡ് ജാഗ്രതയുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

10. കോവിഡ് ജാഗ്രതയുടെ ഭാഗമായി സർവ്വകലാശാലാതലത്തിലും, കോളേജ് തലത്തിലും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രാദേശിക ജനപ്രതിനിധികളുടെയും പ്രത്യേക സമിതികൾ ഉണ്ടാക്കി സ്ഥിതിഗതികൾ അവലോകനം ചെയ്യേണ്ടതാണ്.

11. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, ഉന്നതവിദ്യാഭ്യാസ വകുപ്പിലെ മറ്റ് വിദ്യാഭ്യാസ സ്ഥാപന മേധാവികൾ, സർവകലാശാല അധികാരികൾ എന്നിവർ മേൽ സൂചിപ്പിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അവരവരുടെ കീഴിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകൾ അടിയന്തിരമായി പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR VENU V IAS

ADDITIONAL CHIEF SECRETARY

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ,
3) സർവകലാശാല രജിസ്ട്രാർമാർക്ക്
4) ഡയറക്ടർ, LBS/IHRD/CCEK
5) www.highereducation.kerala.gov.in
6) I & PRD
7) സ്റ്റോക്ക് ഫയൽ /പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

*Endt. No. EA1/7107/2001/HRD(1)* *dated 31.05.2021*

1. Copy communicated to all Heads of Institutions under IHRD for strict compliance
2. Additional Director
3. Finance Officer/ Financial Consultant
4. Administrative Officer
5. Personal Assistant to Director
6. All Section Superintendents in the IHRD, Headquarters
7. CA- II
8. S.F
9. O.C

*Sd/-*
*DIRECTOR*

*Approved for issue*

*Senior Superintendent*